©
Government of Kerala
കേരള സർക്കാർ
2008

Reg. No. രജി. നമ്പർ
KL/TV(N)/12/2006-2008

# KERALA GAZETTE
# കേരള ഗസററ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| Vol. LIII<br>വാല്യം 53 | Thiruvananthapuram, Friday<br>തിരുവനന്തപുരം, വെള്ളി | 29th February 2008<br>2008 ഫെബ്രുവരി 29<br>10th Phalguna 1929<br>1929 ഫാൽഗുനം 10 | No.<br>നമ്പർ 423 |
|---|---|---|---|

GOVERNMENT OF KERALA

**Law (E) Department**

NOTIFICATION

G. O. (P) No. 1/2008/Law. *Dated, Thiruvananthapuram, 29th February, 2008.*

WHEREAS, the Hon'ble Supreme Court of India, in its judgment dated 14-2-2006, in Seema *Vs.* Ashwinikumar [2006 (1) KLT 791 SC], has directed all State Governments to issue Rules for making registration of marriages solemnized in the respective States compulsory irrespective of the religion after calling objection and suggestion;

AND WHEREAS, the Government of Kerala, in response to the Draft Kerala Registration of Marriages (Common) Rules, 2006 published in the Gazette Extraordinary No. 1835 dated 16-11-2006, have received various objections and suggestions from the general public, religious denominations, Department Heads etc.;

NOW, THEREFORE, the Government of Kerala, after considering all objections and suggestions hereby publish "The Kerala Registration of Marriages (Common) Rules, 2008" for the information of the general public, namely:—

THE KERALA REGISTRATION OF MARRIAGES (COMMON) RULES, 2008

1. *Short title, extent and commencement.*—(1) These Rules may be called the Kerala Registration of Marriages (Common) Rules, 2008.

(2) These Rules shall extend to the whole of the State of Kerala.

(3) They shall come into force at once.

2. *Definitions.*—In these Rules, unless the context otherwise requires,—

(a) "Chief Registrar General" means Chief Registrar General of Marriages (Common) appointed under rule 3.

(b) "Local Registrar" means Local Registrar of Marriages (Common). appointed under rule 5.

(c) "Registrar General" means Registrar General of Marriages (Common) appointed under rule 4.

3. *Chief Registrar General of Marriages (Common).*—The Director of Panchayats shall be the Chief Registrar General of Marriages (Common).

4. *Registrar General of Marriages (Common).*—The Deputy Director of Panchayats and the Joint Director of Urban Affairs shall, respectively be the Registrar General of Marriages (Common) in respect of Panchayat and Urban areas and they shall supervise the implementation of these Rules.

5. *Local Registrar of Marriages (Common).*—The Registrars of Births and Deaths appointed under the Registration of Births and Deaths Act, 1969 (Central Act 18 of 1969) shall be the Local Registrar of Marriages (Common) in their respective areas of jurisdiction.

6. *Marriages Compulsorily Registrable.*—All marriages solemnized in the State after the commencement of these Rules shall compulsorily be registered irrespective of religion of the parties:

Provided that the marriages, the registration of which is compulsory under any other statutory provisions, need not be registered under these Rules and such marriages shall be registered under the respective statutory provisions:

Provided further that marriages, the registration of which is optional as per any other statutory provisions shall be registered under these Rules unless registered under such statutory provisions:

Provided also that the registration of marriages solemnized prior to the date of commencement of these Rules shall be optional.

7. *Jurisdiction.*—Marriages shall be registered under these Rules with the Local Registrar within the local area of whose jurisdiction the marriage is solemnized.

8. *Maintenance of Register of Marriages (Common).*—Local Registrar shall maintain a Register of Marriages (Common) in Form No. III appended to these Rules.

9. *Procedure and time limit for registration.*—(1) The parties to a marriage shall prepare a memorandum in duplicate in Form No. I appended to these Rules along with two separate sets of photos and shall submit the same to the Local Registrar within a period of forty-five days from the date of solemnization of their marriage.

(2) The memorandum for registration of marriages solemnized before the commencement of these Rules may be submitted within a period of one year from the date of commencement of these Rules.

(3) The memorandum shall be signed by both the parties to the marriage and two other persons who witnessed the marriage. In the case of a marriage solemnized before a Marriage Officer appointed under any statutory provisions, the entries made in the Register of Marriages or any other register maintained for this purpose and certified by the Marriage Officer and in the case of a marriage solemnized as per religious rites, a copy of the certificate of marriage issued by the religious authority concerned may be a document in proof of the marriage. A registrtion fee of rupees ten shall be payable along with the submission of the memorandum for registration.

(4) Marriages solemnized after the commencement of these Rules, in respect of which no memorandum is filed within the period of forty-five days and a period of one year has not expired from the date of such solemnization, may be registered subject to sub-rule (3) by the Local Registrar after imposing a fine of rupees one hundred. In such cases the memorandum shall be filed together with a declaration from a Gazetted Officer/Member of Parliament/Member of Legislative Assembly/Member of a Local Self Government Institutions in Form No. II appended to these Rules or with any other document to prove the solemnization of the marriage to the satisfaction of the Local Registrar.

10. *Registration of marriages after one year.*—Marriages solemnized after the commencement of these Rules in respect of which no memorandum for registration is filed within one year of its solemnization and marriages solemnized before the commencement of these Rules in respect of which no memorandum for registration was filed before the expiry of one year after such commencement shall, subject to sub-rule (3) of Rule 9, be registered, by the Local Registrar with the permission of the Registrar General concerned and on payment of a fine of rupees two hundred and fifty. In such cases also the memorandum shall be filed together with a declaration from a Gazetted Officer/Member of Parliament/Member of Legislative Assembly/Member of Local Self Government Institutions in Form No. II appended to these Rules or with any other document to prove the

solemnization of marriage to the satisfaction of the Registrar General concerned. The Registrar General concerned may conduct. if necessary, enquiries, through the Local Registrar or otherwise and give suitable direction to the Local Registrar regarding registration.

11. *Filing of Memorandum and Register of Marriages (Common).*—(1) On receipt of a memorandum and the prescribed fee for registration, the Local Registrar shall verify the entries in the memorandum for its accuracy and completeness, and enter the particulars thereof forthwith in the Register of Marriages (Common) maintained by him for this purpose in Form No. III appended to these Rules and affix his signature and seal in the space provided therefor. A certificate of marriage shall be issued to the applicant in Form No. IV appended to these Rules in proof of registration of the marriage on payment of fee of rupees five, within five working days. The entries relating to each marriage shall be given Registration Numbers consecutively for each calendar year and separate registers shall be maintained for each calendar year.

(2) Local Registrar may, for reasons to be recorded, in writing reject the memorandum for registration if it is not in proper form or not accompanied by the requisite fee and shall intimate the reason to the parties concerned, within a period of thirty days from the date of such rejection.

(3) The Local Registrar shall forward the duplicate copies of the memorandum received in a month to the Registrar General concerned before the 10th day of every subsequent month. The originals of the memorandum received by the Local Registrar and duplicate copies forwarded to the Registrar General concerned shall be filed as permanent records.

12. *Printing and supply of Forms.*—The Registrar General shall arrange for the printing and supply of Forms and Registers required for use by Local Registrars coming under their respective areas of jurisdiction.

13. *Correction and cancellation of entries.*—(1) If the Local Registrar is satisfied either *suo motu* or on application by the parties, that any entry in the Register of Marriages (Common) is erroneous in form or substance or has been fraudulently or improperly made, he shall subject to conditions in sub-rule (2), make suitable corrections including cancellation of registration, noting the evidence for such corrections in the margin of the Register of Marriages (Common), without any alteration of the original entry and shall sign the marginal entry with the date of correction or cancellation and shall forward the particulars of the corrections to the Registrar General concerned.

(2) All corrections in material particulars like name, age, date etc., and cancellation shall be done only with the sanction of the Registrar General concerned:

Provided that no such correction or cancellation shall be made without affording a reasonable opportunity of being heard to the parties concerned.

(3) On getting sanction under sub-rule (2), the Local Registrar shall effect the correction or cancellation, as the case may be, in the Register of Marriages (Common).

(4) An amount of rupees one hundred shall be charged as fee for making corrections in the Register of Marriages (Common) other than clerical mistakes.

(5) In every case in which an entry is corrected or cancelled under this Rule, intimation thereof shall be sent to the parties to the marriage and the Local Registrar shall make a report giving necessary details to the Registrar General concerned.

14. *Search and obtaining of extracts of the entries.*—Any person may, upon an application and after remitting a fee of rupees twenty-five for this purpose, cause a search to be made by the Local Registrar for any entry in the Register of Marriages (Common) and obtain a Certificate of Marriage in Form No. IV, appended to these Rules containing an extract of such register. The Local Registrar shall certify all such extracts.

15. *Consequences of non-registration.*—After the commencement of these Rules, the Government shall not accept for any purpose, any certificate of marriage issued by any authority other than those authorized under these Rules or under any other statutory provisions. However this provision is not applicable to the marriages solemnized before the commencement of these Rules.

16. *Appeal.*—An appeal shall lie to the Registrar General concerned against any decision of the Local Registrar and such appeal shall be filed within a period of three months from the date of communication of any such decision. However, the Registrar General concerned may condone the delay on sufficient grounds. He shall consider the appeal and dispose of the same within a period of sixty days either confirming the decision of the Local Registrar or allow the appeal after hearing the parties concerned.

17. *Revision.*—A revision shall lie to the Chief Registrar General against the decision of the Registrar General concerned and such revision shall be filed within a period of three months from the date of communication of such decision. However, the Chief Registrar General may condone the delay on sufficient grounds. He shall consider the revision and dispose of the same within a period of sixty days either confirming the decision of the Registrar General or allow the revision after hearing the parties concerned.

By order of the Governor,

P. S. GOPINATHAN,
*Law Secretary.*

FORM No. I

[*See* Rule 9(1)]

## MEMORANDUM FOR REGISTRATION OF MARRIAGE

1. Date of Marriage :

2. Place of Marriage : (specify hall, mandapam etc.)

| Place of Marriage (specify hall, mandapam etc.) | Local area | Village | Taluk | District |
|---|---|---|---|---|
| .................... | .................... | .................... | .................... | .................... |

| Photo of the Husband to be affixed | Photo of the Wife to be affixed |
|---|---|
| | |

3. Details of Parties to the Marriage (As on the date of marriage)

| *Details* | *Husband* | *Wife* |
|---|---|---|
| (a) Name in full (in capital letters) | | |
| (b) Nationality | | |
| (c) Age and date of birth (sufficient proof shall be produced) | | |
| (d) Permanent Address | | |
| (e) Present Address | | |
| *(f) Previous marital status<br>Married<br>Unmarried<br>Widower<br>Widow<br>Divorced | | |

| Details | Husband | Wife |
|---|---|---|
| (g) Whether any spouse is living (If yes, number of spouse living) | | |
| (h) Signature with date | | |
| (i) Name of father or guardian and the relationship | | |
| (j) Age | | |
| (k) Address | | |
| (l) Signature with date (If he is a consenting party) | | |
| (m) Name of mother | | |
| (n) Age | | |
| (o) Address | | |
| (p) Signature with date (If she is a consenting party) | | |

*Put (✓) mark on whichever is applicable.

4. Witness of solemnization of marriage

1. (a) Name:

   (b) Address:

   (c) Signature with date:

2. (a) Name:

   (b) Address:

   (c) Signature with date:

5. Details of records of marriage required under rule 9/rule 10, if any:

**Declaration of the Parties**

We...................................................do hereby declare that the details shown above are true to the best of our knowledge and belief.

Signature of the Parties:

Place:

Date:

1. Husband
2. Wife

**(For Office Use)**

Received by Post/in Person on.......................................................

*Local Registrar.*

Registered in the Register of Marriages (Common) on ........................
.........................................as Regn. No................................................

*Local Registrar.*

FORM No. II

# DECLARATION OF MP/MLA/GAZETTED OFFICER/MEMBER OF LOCAL SELF GOVERNMENT INSTITUTIONS (IN CASE OF APPLYING FOR REGISTRATION AFTER ONE YEAR)

[*See* Rule 9 (4) and Rule 10]

I..........................................................................................hereby certify that the marriage between..............................and..................................was solemnized on ......................................and the fact is personally known to me.

*Signature with place and date*

FORM NO. III

(*See* Rule 8)

## REGISTER OF MARRIAGES (COMMON)

1. Date of Marriage :
2. Place of Marriage: (specify hall, mandapam etc.) Local area Village Taluk District

........................ ........................ ........................ ........................ ........................

| Photo of the Husband to be affixed | Photo of the Wife to be affixed |
|---|---|

Signature of the Husband

Signature of the Wife

3. Details of Parties to the Marriage (As on the date of marriage)

| *Details* | *Husband* | *Wife* |
|---|---|---|
| (a) Name in full (Capital letters) | | |
| (b) Nationality | | |
| (c) Age and Date of Birth | | |
| (d) Permanent Address | | |
| (e) Present Address | | |
| (f) Previous marital status<br>Married<br>Unmarried<br>Widower<br>Widow<br>Divorced | | |

| Details | Husband | Wife |
|---|---|---|
| (g) Whether any spouse is living (If yes, number of spouse living) | | |
| (h) Name of father or guardian and the relationship | | |
| (i) Age | | |
| (j) Address | | |
| (k) Name of Mother | | |
| (l) Age | | |
| (m) Address | | |

4. Witnesses of solemnization of marriage

1. (a) Name:

   (b) Address:

2. (a) Name:

   (b) Address:

**SPACE FOR OFFICE USE**

5. Date of Receipt of memorandum..............................................

6. Details of records of marriage required under rule 9/rule 10:

Date: *Local Registrar*

Registration No. /(Year) Date.......................................

*Local Registrar*

FORM NO. IV — Folio No.

[*See* Rule 11 (1)]

GOVERNMENT OF KERALA

Department of ......................................

## CERTIFICATE OF MARRIAGE

[Issued under rule 11 (1) of the Kerala Registration of Marriages (Common) Rules. 2008]

Certificate No.................................. Dated...............................

This is to certify that the following information has been taken from the Register of Marriages (Common) maintained in Form No. III in the Office of the Local Registrar of ........................................(local area)

1. Date of Marriage:..............................

2. Place of Marriage:....................................(as in Form No. III)

3. Details of Parties to the Marriage (As on the date of marriage)

| *Details* | *Husband* | *Wife* |
|---|---|---|
| (a) Name in full (Capital Letters) | | |
| (b) Nationality | | |
| (c) Age and date of birth | | |
| (d) Occupation | | |
| (e) Permanent Address | | |
| (f) Name of parents or guardian and the relationship | | |
| (i) Father | | |
| (ii) Mother. | | |
| (iii) Guardian | | |

| *Details* | *Husband* | *Wife* |
|---|---|---|
| Photographs: (Office Seal covering photographs) | | |

Registration No............................................./(Year)

Date of Registration ..........................

*Local Registrar*
(Name of Local Area)

Issued under my hand and seal on this the........................day of
.........................................

# കേരള സർക്കാർ

## നിയമ (ഇ) വകുപ്പ്

## വിജ്ഞാപനം

സ. ഉ. (അച്ചടിച്ചത്) നമ്പർ 1/2008/നിയമം. തിരുവനന്തപുരം, 2008 ഫെബ്രുവരി 29.

ബഹു. സുപ്രീം കോടതി, സീമ Vs. അശ്വനികുമാർ എന്ന കേസിൽ 14-2-2006-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ [2006 (1) കെ.എൽ.റ്റി. 791, എസ്.സി.] എല്ലാ സംസ്ഥാന സർക്കാരുകളോടും അതാത് സംസ്ഥാനങ്ങളിൽ നടക്കുന്ന എല്ലാ വിവാഹങ്ങളും മതഭേദമന്യേ രജിസ്റ്റർ ചെയ്യുന്നത് നിർബന്ധമാക്കുന്നതിന്, അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചതിനുശേഷം, ചട്ടങ്ങൾ ഉണ്ടാക്കുവാൻ നിർദ്ദേശിച്ചതിനാലും;

16-11-2006-ലെ 1835-ാം നമ്പർ അസാധാരണ ഗസററിൽ പ്രസിദ്ധീകരിച്ച 2006-ലെ കരട് കേരള വിവാഹങ്ങൾ രജിസ്ററർ ചെയ്യൽ (പൊതു) ചട്ടങ്ങൾക്ക് പ്രതികരണമായി, കേരള സർക്കാരിന് പൊതുജനങ്ങൾ, മതവിഭാഗങ്ങൾ, വകുപ്പുതലവൻമാർ മുതലായവരിൽനിന്നും വിവിധ തരത്തിലുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ലഭിച്ചതിനാലും;

ഇപ്പോൾ, അതിനാൽ, കേരള സർക്കാർ എല്ലാ ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് "2008-ലെ കേരള വിവാഹങ്ങൾ രജിസ്ററർ ചെയ്യൽ (പൊതു) ചട്ടങ്ങൾ", പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു, അതായത്:—

## 2008-ലെ കേരള വിവാഹങ്ങൾ രജിസ്ററർ ചെയ്യൽ (പൊതു) ചട്ടങ്ങൾ

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ എന്ന് പേർ പറയാം.

(2) ഈ ചട്ടങ്ങൾക്ക് കേരള സംസ്ഥാനത്തൊട്ടാകെ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവചനങ്ങൾ.—ഈ ചട്ടങ്ങളിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "മുഖ്യ രജിസ്ട്രാർ ജനറൽ", എന്നാൽ 3-ാം ചട്ടത്തിൻ കീഴിൽ നിയമിക്കപ്പെട്ട വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ ജനറൽ എന്നർത്ഥമാകുന്നു.

(ബി) "തദ്ദേശ രജിസ്ട്രാർ", എന്നാൽ 5-ാം ചട്ടത്തിൻ കീഴിൽ നിയമിക്കപ്പെട്ട വിവാഹ (പൊതു) തദ്ദേശ രജിസ്ട്രാർ എന്നർത്ഥമാകുന്നു.

(സി) "രജിസ്ട്രാർ ജനറൽ", എന്നാൽ 4-ാം ചട്ടത്തിൻ കീഴിൽ നിയമിക്കപ്പെട്ട വിവാഹ (പൊതു) രജിസ്ട്രാർ ജനറൽ എന്നർത്ഥമാകുന്നു.

3. വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ ജനറൽ.—പഞ്ചായത്ത് ഡയറക്ടർ, വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ ജനറൽ ആയിരിക്കുന്നതാണ്.

4. വിവാഹ (പൊതു) രജിസ്ട്രാർ ജനറൽ.—പഞ്ചായത്ത് പ്രദേശങ്ങളേയും നഗരപ്രദേശങ്ങളേയും സംബന്ധിച്ച് യഥാക്രമം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും അർബൻ അഫയേഴ്സ് ജോയിന്റ് ഡയറക്ടറും വിവാഹ (പൊതു) രജിസ്ട്രാർ ജനറൽ ആയിരിക്കുന്നതും അവർ ഈ ചട്ടങ്ങൾ നടപ്പിലാക്കുന്നതിന്റെ മേൽനോട്ടം വഹിക്കേണ്ടതുമാണ്.

5. വിവാഹ (പൊതു) തദ്ദേശ രജിസ്ട്രാർ.—1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ടിൻ (1969-ലെ 18-ാം കേന്ദ്ര ആക്ട്) കീഴിൽ നിയമിക്കപ്പെട്ട ജനന-മരണ രജിസ്ട്രാർ, അവരുടെ അധികാരിതയിൽ വരുന്ന പ്രദേശങ്ങളിലെ വിവാഹ (പൊതു) തദ്ദേശ രജിസ്ട്രാർ ആയിരിക്കുന്നതാണ്.

6. വിവാഹങ്ങൾ നിർബന്ധമായും രജിസ്റ്റർ ചെയ്യണമെന്ന്.—ഈ ചട്ടങ്ങൾ നിലവിൽ വന്നതിനു ശേഷം സംസ്ഥാനത്ത് നടക്കുന്ന എല്ലാ വിവാഹങ്ങളും കക്ഷികളുടെ മതഭേദമന്യേ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണ്:

എന്നാൽ, മറ്റേതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾ പ്രകാരം രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുള്ള വിവാഹങ്ങൾ ഈ ചട്ടങ്ങളിൻ കീഴിൽ രജിസ്റ്റർ ചെയ്യേണ്ടതല്ലാത്തതും, അപ്രകാരമുള്ള വിവാഹങ്ങൾ അതത് സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾക്കു കീഴിൽ രജിസ്റ്റർ ചെയ്യേണ്ടതുമാണ്:

എന്നുമാത്രമല്ല, മറ്റേതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥപ്രകാരം രജിസ്റ്റർ ചെയ്യുന്നത് ഹിതാനുസരണമായിട്ടുള്ള വിവാഹങ്ങൾ, അപ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകളിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത പക്ഷം, ഈ ചട്ടങ്ങൾക്ക് കീഴിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്:

എന്നിരുന്നാലും ഈ ചട്ടങ്ങൾ നിലവിൽ വരുന്ന തീയതിക്കുമുമ്പ് നടന്നിട്ടുള്ള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നത് ഹിതാനുസരണമായിരിക്കുന്നതുമാണ്.

7. അധികാരിത.—ഏത് തദ്ദേശ രജിസ്ട്രാറുടെ അധികാരിതയ്ക്ക് കീഴിലുള്ള പ്രദേശത്താണോ വിവാഹം നടന്നത്, ആ തദ്ദേശ രജിസ്ട്രാർ മുമ്പാകെ, ഈ ചട്ടങ്ങൾക്ക് കീഴിൽ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. വിവാഹ (പൊതു) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്.—ബന്ധപ്പെട്ട തദ്ദേശ രജിസ്ട്രാർ ഈ ചട്ടങ്ങൾക്ക് അനുബന്ധമായിട്ടുള്ള III-ാം നമ്പർ ഫാറത്തിൽ ഒരു രജിസ്റ്റർ വെച്ചു പോരേണ്ടതാണ്.

9. രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമവും സമയപരിധിയും.—(1) വിവാഹത്തിലേർപ്പെട്ട കക്ഷികൾ ഈ ചട്ടങ്ങൾക്ക് അനുബന്ധമായിട്ടുള്ള I-ാം നമ്പർ ഫാറത്തിൽ ഒരു മെമ്മോറാണ്ടം ഡ്യൂപ്ലിക്കേറ്റ് സഹിതം തയ്യാറാക്കേണ്ടതും, രണ്ട് സെററ് ഫോട്ടോ സഹിതം ആയത് ബന്ധപ്പെട്ട തദ്ദേശ രജിസ്ട്രാർക്ക് അവരുടെ വിവാഹം നടന്ന തീയതി മുതൽ നാല്പത്തിയഞ്ച് ദിവസകാലയളവിനുള്ളിൽ സമർപ്പിക്കേണ്ടതുമാണ്.

(2) ഈ ചട്ടങ്ങൾ, നിലവിൽ വരുന്നതിനുമുമ്പ് നടന്ന വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള മെമ്മോറാണ്ടം, ഈ ചട്ടങ്ങൾ നിലവിൽ വന്ന തീയതി മുതൽ ഒരു വർഷ കാലയളവിനുള്ളിൽ സമർപ്പിക്കാവുന്നതാണ്.

(3) മെമ്മോറാണ്ടത്തിൽ, വിവാഹത്തിലേർപ്പെടുന്ന ഇരു കക്ഷികളും വിവാഹത്തിനു സാക്ഷ്യം വഹിച്ച മററ് രണ്ടാളുകളും ഒപ്പ് വയ്ക്കേണ്ടതാണ്. ഏതെങ്കിലും സ്ററാറ്റ്യൂട്ടറി വ്യവസ്ഥകൾക്ക് കീഴിൽ നിയമിക്കപ്പെട്ട ഒരു വിവാഹ ഓഫീസറുടെ മുമ്പാകെ നടന്ന വിവാഹത്തിന്റെ സംഗതിയിൽ, വിവാഹ രജിസ്റ്ററിലെയോ, ഈ ആവശ്യത്തിനായി വച്ചു പോരുന്ന മറ്റേതെങ്കിലും രജിസ്റ്ററിലെയോ വിവാഹ ഓഫീസർ സാക്ഷ്യപ്പെടുത്തിയ ഉൾക്കുറിപ്പുകളും, മതാചാരപ്രകാരം നടന്ന വിവാഹത്തിന്റെ സംഗതിയിൽ, ബന്ധപ്പെട്ട മതാധികാരസ്ഥാനം നൽകുന്ന വിവാഹ സാക്ഷ്യപത്രത്തിന്റെ പകർപ്പും വിവാഹം നടന്നത് തെളിയിക്കുന്നതിനുള്ള ഒരു രേഖയാകാവുന്നതാണ്. രജിസ്ട്രേഷനു വേണ്ടി മെമ്മോറാണ്ടം സമർപ്പിക്കുന്നതിനോടൊപ്പം രജിസ്ററർ ചെയ്യുന്നതിനുള്ള ഫീസായി പത്ത് രൂപ നൽകേണ്ടതാണ്.

(4) ഈ ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം നടന്നിട്ടുള്ളതും അത് സംബന്ധിച്ച് നാല്പത്തിയഞ്ച് ദിവസക്കാലയളവിനുള്ളിൽ മെമ്മോറാണ്ടം ഫയൽ ചെയ്യാതിരിക്കുകയും അപ്രകാരം വിവാഹം നടന്ന തീയതി മുതൽ ഒരു വർഷക്കാലാവധി കഴിയാത്തതുമായ, വിവാഹങ്ങൾ തദ്ദേശ രജിസ്ട്രാർക്ക് (3)-ാം ഉപചട്ടത്തിനു വിധേയമായി, നൂറ് രൂപ പിഴ ചുമത്തിയതിനുശേഷം രജിസ്റ്റർ ചെയ്യാവുന്നതാണ്. അത്തരം സംഗതികളിൽ മെമ്മോറാണ്ടം, ഒരു ഗസററഡ് ഓഫീസറിൽ നിന്നോ പാർലമെന്റ് അംഗത്തിൽ നിന്നോ നിയമസഭാ അംഗത്തിൽ നിന്നോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗത്തിൽ നിന്നോ ഈ ചട്ടങ്ങൾക്ക് അനുബന്ധമായുള്ള II-ാം നമ്പർ ഫാറത്തിലുള്ള ഒരു പ്രഖ്യാപനം സഹിതമോ അല്ലെങ്കിൽ തദ്ദേശ രജിസ്ട്രാർക്ക് ബോദ്ധ്യമാകുംവിധം വിവാഹം നടന്നുവെന്ന് തെളിയിക്കുന്നതിനുള്ള മറ്റേതെങ്കിലും രേഖകൾ സഹിതമോ ഫയൽ ചെയ്യേണ്ടതാണ്.

10. ഒരു വർഷത്തിനുശേഷമുള്ള വിവാഹം രജിസ്റ്റർ ചെയ്യൽ.—ഈ ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം നടന്നതും, വിവാഹം നടന്ന് ഒരു വർഷത്തിനകം രജിസ്റ്റർ ചെയ്യുന്നതിനു വേണ്ടിയുള്ള മെമ്മോറാണ്ടം ഫയൽ ചെയ്തിട്ടില്ലാത്തതുമായ വിവാഹങ്ങളും, ഈ ചട്ടങ്ങൾ നിലവിൽ വരുന്നതിനുമുമ്പ് നടന്നതും, അപ്രകാരം നിലവിൽ വന്നതിനുശേഷം ഒരു വർഷം കഴിയുന്നതിന് മുമ്പ് രജിസ്ററർ ചെയ്യുന്നതിനു വേണ്ടിയുള്ള മെമ്മോറാണ്ടം ഫയൽ ചെയ്യാതിരിക്കുകയും ചെയ്തിട്ടുള്ള വിവാഹങ്ങളും, 9-ാം ചട്ടത്തിലെ (3)-ാം ഉപചട്ടത്തിന് വിധേയമായി ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന്റെ അനുമതിയോടു കൂടിയും ഇരുന്നൂറ്റിയമ്പത് രൂപ പിഴ നൽകിയതിന്മേലും മാത്രമേ

തദ്ദേശ രജിസ്ട്രാർ രജിസ്റ്റർ ചെയ്യുവാൻ പാടുള്ളു. അപ്രകാരമുള്ള സംഗതികളിലും മെമ്മോറാണ്ടം, ഒരു ഗസററഡ് ഓഫീസറിൽ നിന്നോ പാർലമെന്റംഗത്തിൽ നിന്നോ നിയമസഭാ അംഗത്തിൽ നിന്നോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ' അംഗത്തിൽ നിന്നോ ഈ ചട്ടങ്ങൾക്കനുബന്ധമായുള്ള II-ാം നമ്പർ ഫാറത്തിലുള്ള ഒരു പ്രഖ്യാപനം സഹിതമോ അല്ലെങ്കിൽ ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിനു ബോദ്ധ്യമാകുന്ന വിധം, വിവാഹം നടന്നത് തെളിയിക്കുന്നതിനുള്ള മറ്റ് ഏതെങ്കിലും രേഖകൾ സഹിതമോ ഫയൽ ചെയ്യേണ്ടതാണ്. ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന് ആവശ്യമെങ്കിൽ, തദ്ദേശ രജിസ്ട്രാർ മുഖേനയോ, മറ്റു വിധത്തിലോ അന്വേഷണങ്ങൾ നടത്താവുന്നതും തദ്ദേശ രജിസ്ട്രാറിന് രജിസ്റ്റർ ചെയ്യൽ സംബന്ധിച്ച് ഉചിതമായ നിർദ്ദേശം നൽകാവുന്നതുമാണ്.

11. മെമ്മോറാണ്ടം ഫയൽ ചെയ്യുന്നതും വിവാഹ (പൊതു) രജിസ്റ്ററും.—(1) മെമ്മോറാണ്ടവും രജിസ്ററർ ചെയ്യുന്നതിനുള്ള നിശ്ചിത ഫീസും ലഭിക്കുന്നതിന്മേൽ തദ്ദേശ രജിസ്ട്രാർ, മെമ്മോറാണ്ടത്തിലെ ഉൾക്കുറിപ്പുകളുടെ കൃത്യതയും പൂർണ്ണതയും പരിശോധിക്കേണ്ടതും, അതിന്റെ വിശദ വിവരങ്ങൾ ഈ ചട്ടങ്ങൾക്ക് അനുബന്ധമായുള്ള III-ാം നമ്പർ ഫാറത്തിൽ, ഈ ആവശ്യത്തിലേക്കായി അദ്ദേഹം വെച്ചുപോരുന്ന രജിസ്റ്ററിൽ ഉടൻ തന്നെ ചേർക്കേണ്ടതും, അതിനായി നല്കിയിട്ടുള്ള സ്ഥലത്ത് അദ്ദേഹത്തിന്റെ കയ്യൊപ്പും മുദ്രയും വയ്ക്കേണ്ടതുമാണ്. വിവാഹം രജിസ്റ്റർ ചെയ്തതിനു തെളിവായി, അഞ്ച് രൂപ ഫീസ് നൽകുന്നതിൻമേൽ, വിവാഹ സാക്ഷ്യപത്രം ഈ ചട്ടങ്ങൾക്ക് അനുബന്ധമായുള്ള IV-ാം നമ്പർ ഫാറത്തിൽ, അഞ്ച് പ്രവൃത്തി ദിവസങ്ങൾക്കകം അപേക്ഷകന് നൽകേണ്ടതാണ്. ഓരോ വിവാഹവുമായി ബന്ധപ്പെട്ട ഉൾക്കുറിപ്പിന് ഓരോ കലണ്ടർ വർഷത്തിലും തുടർച്ചയായ രജിസ്ട്രേഷൻ നമ്പർ നൽകേണ്ടതും ഓരോ കലണ്ടർ വർഷത്തിലും പ്രത്യേകം പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

(2) തദ്ദേശ രജിസ്ട്രാറിന്, വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള ഒരു മെമ്മോറാണ്ടം ശരിയായ ഫാറത്തിലോ ആവശ്യമായ ഫീസ് സഹിതമോ അല്ലെങ്കിൽ, എഴുതി രേഖപ്പെടുത്തിയ കാരണങ്ങളാൽ, നിരസിക്കാവുന്നതും അതിനുള്ള കാരണം അപ്രകാരം നിരസിച്ച തീയതി മുതൽ മുപ്പത് ദിവസകാലയളവിനുള്ളിൽ ബന്ധപ്പെട്ട കക്ഷികളെ അറിയിക്കേണ്ടതുമാണ്.

(3) ഓരോ മാസവും ലഭിക്കുന്ന മെമ്മോറാണ്ടത്തിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പുകൾ അടുത്തമാസം 10-ാം തീയതിക്കുമുമ്പ് ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന്, തദ്ദേശ രജിസ്ട്രാർ അയച്ചുകൊടുക്കേണ്ടതാണ്. തദ്ദേശ രജിസ്ട്രാർ സ്വീകരിക്കുന്ന അസ്സൽ മെമ്മോറാണ്ടവും ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിനു അയച്ചുകൊടുത്ത ഡ്യൂപ്ലിക്കേറ്റ് പകർപ്പുകളും സ്ഥിരം രേഖകളായി ഫയൽ ചെയ്യേണ്ടതാണ്.

12. ഫാറങ്ങളുടെ പ്രിന്റിംഗും വിതരണവും.—രജിസ്ട്രാർ ജനറൽ, അവരുടെ ബന്ധപ്പെട്ട അധികാരിതയിൻ കീഴിൽ വരുന്ന പ്രദേശങ്ങളിലെ, തദ്ദേശ രജിസ്ട്രാറിന്റെ ഉപയോഗത്തിന് ആവശ്യമായ ഫാറങ്ങളും രജിസ്റ്ററുകളും പ്രിന്റു ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള സജ്ജീകരണം നടത്തേണ്ടതാണ്.

13. <u>ഉൾക്കുറിപ്പുകളുടെ തിരുത്തലും റദ്ദാക്കലും.</u>—(1) തദ്ദേശ രജിസ്ട്രാർക്ക്, സ്വമേധയായോ, കക്ഷികൾ മുഖേനയുള്ള അപേക്ഷയിന്മേലോ, വിവാഹ (പൊതു) രജിസ്റ്ററിലെ ഏതെങ്കിലും ഉൾക്കുറിപ്പ്, രൂപത്തിലോ, സാരാംശത്തിലോ, തെറ്റാണെന്നോ അഥവാ വ്യാജമായോ കൃത്യമല്ലാതെയോ ഉണ്ടാക്കിയതാണെന്നോ, ബോദ്ധ്യപ്പെടുന്ന പക്ഷം. അദ്ദേഹം (2)-ാം ഉപചട്ടത്തിലെ നിബന്ധനകൾക്കു വിധേയമായി, രജിസ്ട്രേഷൻ റദ്ദുചെയ്യൽ ഉൾപ്പെടെയുള്ള ഉചിതമായ തിരുത്തലുകൾ, അസ്സൽ ഉൾക്കുറിപ്പിന് യാതൊരു മാറ്റവും വരുത്താതെയും 'അത്തരം തിരുത്തലുകൾക്കുള്ള തെളിവ് വിവാഹ (പൊതു) രജിസ്റ്ററിന്റെ മാർജിനിൽ രേഖപ്പെടുത്തിക്കൊണ്ടും, വരുത്താവുന്നതും മാർജിനിലെ ഉൾക്കുറിപ്പിൽ തിരുത്തലിന്റെയോ റദ്ദാക്കലിന്റെയോ തീയതി സഹിതം ഒപ്പ് വെയ്ക്കേണ്ടതും, തിരുത്തലുകളുടെ വിശദവിവരങ്ങൾ ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന് അയച്ചുകൊടുക്കേണ്ടതുമാണ്.

(2) പേര്, വയസ്സ്, തീയതി മുതലായ സാരവത്തായ വിശദാംശങ്ങളിലെ എല്ലാ തിരുത്തലുകളും റദ്ദാക്കലുകളും ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന്റെ അനുമതിയോടുകൂടി മാത്രം ചെയ്യേണ്ടതാണ്:

എന്നാൽ അപ്രകാരമുള്ള തിരുത്തലോ റദ്ദാക്കലോ ബന്ധപ്പെട്ട കക്ഷികൾക്ക് പറയാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകാതെ നടത്തുവാൻ പാടുള്ളതല്ല.

(3) (2)-ാം ഉപചട്ടത്തിൻകീഴിൽ അനുമതി ലഭിക്കുന്നതിന്മേൽ തദ്ദേശ രജിസ്ട്രാർ, വിവാഹ (പൊതു) രജിസ്റ്ററിൽ, അതതു സംഗതിപോലെ, തിരുത്തലോ റദ്ദാക്കലോ വരുത്തേണ്ടതാണ്.

(4) വിവാഹ (പൊതു) രജിസ്റ്ററിൽ ക്ലറിക്കൽ പിശക് ഒഴികെയുള്ള, തെറ്റു തിരുത്തലിന് നൂറ് രൂപ ചാർജ് ചെയ്യേണ്ടതാണ്.

(5) ഈ ചട്ടത്തിന് കീഴിൽ ഒരു ഉൾക്കുറിപ്പ് തിരുത്തുകയോ, റദ്ദാക്കുകയോ ചെയ്യുന്ന ഓരോ സംഗതിയിലും, അതിന്റെ അറിയിപ്പ് വിവാഹത്തിൽ ഏർപ്പെട്ട കക്ഷികൾക്ക് അയച്ചുകൊടുക്കേണ്ടതും തദ്ദേശ രജിസ്ട്രാർ ആവശ്യമായ വിശദ വിവരംനൽകുന്ന ഒരു റിപ്പോർട്ട് ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന് നൽകേണ്ടതുമാണ്.

14. <u>പരിശോധനയും ഉൾക്കുറിപ്പിന്റെ പ്രസക്തഭാഗങ്ങൾ ലഭ്യമാക്കലും.</u>—ഏതൊരാളിനും ഈ ആവശ്യത്തിലേക്കായി സമർപ്പിച്ച അപേക്ഷയിന്മേൽ, ഇരുപത്തിയഞ്ച് രൂപ ഫീസ് ഒടുക്കിയതിനുശേഷം, വിവാഹ (പൊതു) രജിസ്റ്ററിലെ ഏതെങ്കിലും ഉൾക്കുറിപ്പ് തദ്ദേശ രജിസ്ട്രാറിനെക്കൊണ്ട് പരിശോധിപ്പിക്കാവുന്നതും, അത്തരം രജിസ്റ്ററിലെ പ്രസക്ത ഭാഗം അടങ്ങുന്ന IV-ാം നമ്പർ ഫാറത്തിലുള്ള വിവാഹ സാക്ഷ്യപത്രം ലഭ്യമാക്കാവുന്നതുമാണ്. തദ്ദേശ രജിസ്ട്രാർ അങ്ങനെയുള്ള എല്ലാ പ്രസക്ത ഭാഗങ്ങളും സാക്ഷ്യപ്പെടുത്തേണ്ടതാണ്.

15. <u>വിവാഹം രജിസ്റ്റർ ചെയ്യാതിരിക്കലിന്റെ പരിണിത ഫലങ്ങൾ.</u>—ഈ ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം, ഈ ചട്ടങ്ങൾ പ്രകാരമോ മറ്റേതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥ പ്രകാരമോ അധികാരപ്പെടുത്തിയിട്ടുള്ള അധികാരസ്ഥാനങ്ങൾ അല്ലാതെയുള്ള, ഏതെങ്കിലും അധികാരസ്ഥാനം നൽകുന്ന ഏതൊരു വിവാഹ സാക്ഷ്യപത്രവും സർക്കാർ യാതൊരു ആവശ്യത്തിനും സ്വീകരിക്കുന്നതല്ല. എന്നിരുന്നാലും ഈ ചട്ടങ്ങൾ നിലവിൽ വരുന്നതിനുമുമ്പ് നടന്ന വിവാഹങ്ങൾക്ക് ഈ വ്യവസ്ഥ ബാധകമാകുന്നതല്ല.

16. <u>അപ്പീൽ.</u>—തദ്ദേശ രജിസ്ട്രാറിന്റെ ഏതൊരു തീരുമാനത്തിനെതിരേയും, ബന്ധപ്പെട്ട രജിസ്ട്രാർ ജനറൽ മുമ്പാകെ അപ്പീൽ നൽകാവുന്നതും അപ്രകാരമുള്ള അപ്പീൽ അങ്ങനെയുള്ള ഏതെങ്കിലും തീരുമാനം അറിയിച്ച തീയതി മുതൽ മൂന്നുമാസ കാലയളവിനുള്ളിൽ ഫയൽ ചെയ്യേണ്ടതുമാണ്. എന്നിരുന്നാലും ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന് മതിയായ കാരണങ്ങളിന്മേൽ കാലതാമസം മാപ്പാക്കാവുന്നതാണ്. അദ്ദേഹം അപ്പീൽ പരിഗണിക്കേണ്ടതും ബന്ധപ്പെട്ട കക്ഷികളെ കേട്ടതിനുശേഷം തദ്ദേശ രജിസ്ട്രാറിന്റെ ഉത്തരവ് സ്ഥിരീകരിച്ചുകൊണ്ടോ അല്ലെങ്കിൽ അപ്പീൽ അനുവദിച്ചുകൊണ്ടോ അറുപത് ദിവസക്കാലയളവിനുള്ളിൽ തീർപ്പാക്കേണ്ടതുമാണ്.

17. <u>റിവിഷൻ.</u>—ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന്റെ തീരുമാനത്തിനെതിരെ മുഖ്യ രജിസ്ട്രാർ ജനറൽ മുമ്പാകെ റിവിഷൻ ബോധിപ്പിക്കാവുന്നതും അപ്രകാരമുള്ള റിവിഷൻ അങ്ങനെയുള്ള തീരുമാനം അറിയിച്ച തീയതി മുതൽ മൂന്നു മാസക്കാലയളവിനുള്ളിൽ ഫയൽ ചെയ്യേണ്ടതുമാണ്. എന്നിരുന്നാലും മുഖ്യ രജിസ്ട്രാർ ജനറലിന് മതിയായ കാരണങ്ങളിന്മേൽ കാലതാമസം മാപ്പാക്കാവുന്നതാണ്. അദ്ദേഹം റിവിഷൻ പരിഗണിക്കേണ്ടതും ബന്ധപ്പെട്ട കക്ഷികളെ കേട്ടതിനുശേഷം രജിസ്ട്രാർ ജനറലിന്റെ ഉത്തരവ് സ്ഥിരീകരിച്ചുകൊണ്ടോ അല്ലെങ്കിൽ റിവിഷൻ അനുവദിച്ചുകൊണ്ടോ അറുപതു ദിവസക്കാലയളവിനുള്ളിൽ തീർപ്പാക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

പി. എസ്. ഗോപിനാഥൻ,

*നിയമവകുപ്പ് സെക്രട്ടറി.*

## ഫാറം I

[ചട്ടം 9 (1) കാണുക]

# വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള മെമ്മോറാണ്ടം

1. വിവാഹ തീയതി:

2. വിവാഹ സ്ഥലം: തദ്ദേശ പ്രദേശം, വില്ലേജ്, താലൂക്ക്, ജില്ല (മണ്ഡപം, ഹാൾ മുതലായവ വ്യക്തമാക്കുക)

.......................... .......................... .......................... .......................... ..........................

| ഭർത്താവിന്റെ ഫോട്ടോ പതിക്കേണ്ടതാണ് | ഭാര്യയുടെ ഫോട്ടോ പതിക്കേണ്ടതാണ് |
|---|---|

3. വിവാഹത്തിൽ ഏർപ്പെട്ട കക്ഷികളുടെ വിശദ വിവരങ്ങൾ (വിവാഹ തീയതിയിൽ)

| *വിവരങ്ങൾ* | *ഭർത്താവ്* | *ഭാര്യ* |
|---|---|---|
| (എ) പൂർണ്ണമായ പേര് | | |
| (ബി) പൗരത്വം | | |
| (സി) വയസ്സും ജനനത്തീയതിയും (മതിയായ തെളിവ് ഹാജരാക്കേണ്ടതാണ്) | | |
| (ഡി) സ്ഥിര മേൽവിലാസം | | |
| (ഇ) ഇപ്പോഴത്തെ മേൽവിലാസം | | |
| *(എഫ്) മുമ്പ് വിവാഹിതനാണോ അല്ലയോ | | |
| വിവാഹിതൻ | | |
| അവിവാഹിതൻ | | |
| വിഭാര്യൻ | | |
| വിധവ | | |
| വിവാഹ ബന്ധം വേർപെടുത്തിയ ആൾ | | |

| വിവരങ്ങൾ | ഭർത്താവ് | ഭാര്യ |
|---|---|---|
| (ജി) ഏതെങ്കിലും ജീവിത പങ്കാളി ജീവിച്ചിരിപ്പുണ്ടോ (അതെ എങ്കിൽ എത്ര ജീവിത പങ്കാളി ജീവിച്ചിരിപ്പുണ്ട്) | | |
| (എച്ച്) തീയതിയോടുകൂടിയുള്ള ഒപ്പ് | | |
| (ഐ) പിതാവിന്റെ അഥവാ രക്ഷാകർത്താവിന്റെ പേരും ബന്ധവും | | |
| (ജെ) വയസ്സ് | | |
| (കെ) മേൽവിലാസം | | |
| (എൽ) തീയതിയോടുകൂടിയുള്ള ഒപ്പ് (അയാൾ സമ്മതിക്കുന്ന കക്ഷിയാണെങ്കിൽ) | | |
| (എം) മാതാവിന്റെ പേര് | | |
| (എൻ) വയസ്സ് | | |
| (ഒ) മേൽവിലാസം | | |
| (പി) തീയതിയും ഒപ്പും (സമ്മതിക്കുന്ന ഒരു കക്ഷിയാണെങ്കിൽ) | | |

*ബാധകമാകുന്നതിന് (√) അടയാളം ഇടേണ്ടതാണ്.

4. വിവാഹം നടന്നതിനുള്ള സാക്ഷികൾ

   1. (എ) പേര്

      (ബി) മേൽവിലാസം

      (സി) ഒപ്പും തീയതിയും

   2. (എ) പേര്

      (ബി) മേൽവിലാസം

      (സി) ഒപ്പും തീയതിയും

5. ചട്ടം 9/ചട്ടം 10 പ്രകാരം ആവശ്യമായ വിവാഹ രേഖകൾ ഏതെങ്കിലുമുണ്ടെങ്കിൽ അവയുടെ വിശദ വിവരം

**കക്ഷികളുടെ പ്രഖ്യാപനം**

ഞങ്ങൾ.......................................................മേൽപ്പറഞ്ഞ വിവരങ്ങൾ ഞങ്ങളുടെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം ശരിയാണെന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു.

**കക്ഷികളുടെ ഒപ്പ്**

സ്ഥലം :

തീയതി :

1. ഭർത്താവ്
2. ഭാര്യ

**(ഓഫീസ് ആവശ്യത്തിന്)**

.......................................................തീയതിയിൽ/തപാൽ വഴി/നേരിട്ട് ലഭിച്ചു.

*തദ്ദേശ രജിസ്ട്രാർ.*

വിവാഹ (പൊതു) രജിസ്റ്ററിൽ ....................................................... തീയതിയിൽ ....................................... രജിസ്ട്രേഷൻ നമ്പരായി രജിസ്റ്റർ ചെയ്തു.

*തദ്ദേശ രജിസ്ട്രാർ.*

33/785/2008/DTP.

## ഫാറം II

**പാർലമെന്റ് അംഗം/നിയമസഭാംഗം/ഗസറ്റഡ് ഉദ്യോഗസ്ഥൻ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗം എന്നിവരുടെ പ്രഖ്യാപനം (ഒരു വർഷത്തിനുശേഷം രജിസ്റ്റർ ചെയ്യുന്നതിന് അപേക്ഷിക്കുന്ന സംഗതിയിൽ)**

[ചട്ടം 9 (4), ചട്ടം 10ഉം കാണുക]

ശ്രീ. ......................................................................................................ഉം

..................................................................................................................ഉം

തമ്മിലുള്ള വിവാഹം ........................................................ തീയതിയിൽ നടന്നിട്ടുള്ളതാണെന്നും ഇക്കാര്യം എനിക്ക് നേരിട്ടറിയാമെന്നും ഞാൻ ..................................................................................ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

*സ്ഥലം, തീയതി എന്നിവയോടു*
*കൂടിയുള്ള ഒപ്പ്.*

ഫാറം നമ്പർ III

(ചട്ടം 8 കാണുക)

# വിവാഹ (പൊതു) രജിസ്റ്റർ

1. വിവാഹ തീയതി

2. വിവാഹസ്ഥലം തദ്ദേശപ്രദേശം വില്ലേജ് താലൂക്ക് ജില്ല
(ഹാൾ, കല്യാണ മണ്ഡപം മുതലായവ വ്യക്തമാക്കുക)

.............................. .......................... .................. ................ ..............

ഭർത്താവിന്റെ ഒപ്പ്

ഭാര്യയുടെ ഒപ്പ്

| ഭർത്താവിന്റെ ഫോട്ടോ പതിക്കേണ്ടതാണ് | ഭാര്യയുടെ ഫോട്ടോ പതിക്കേണ്ടതാണ് |
|---|---|

3. വിവാഹത്തിലേർപ്പെട്ട കക്ഷികളുടെ വിശദവിവരങ്ങൾ (വിവാഹ തീയതിയിൽ)

| *വിശദവിവരങ്ങൾ* | *ഭർത്താവ്* | *ഭാര്യ* |
|---|---|---|
| (എ) പൂർണ്ണമായ പേര് | | |
| (ബി) പൗരത്വം | | |
| (സി) ജനനതീയതിയും വയസും | | |
| (ഡി) സ്ഥിര മേൽവിലാസം | | |
| (ഇ) ഇപ്പോഴത്തെ മേൽവിലാസം | | |
| (എഫ്) മുമ്പ് വിവാഹിതനാണോ അല്ലയോ | | |
| വിവാഹിതൻ | | |
| അവിവാഹിതൻ | | |
| വിഭാര്യൻ | | |
| വിധവ | | |
| വിവാഹബന്ധം വേർപ്പെടുത്തിയ ആൾ | | |

| *വിശദവിവരങ്ങൾ* | *ഭർത്താവ്* | *ഭാര്യ* |
|---|---|---|
| (ജി) ഏതെങ്കിലും ജീവിത പങ്കാളി ജീവിച്ചിരിപ്പുണ്ടോ (അതെ എങ്കിൽ എത്ര ജീവിത പങ്കാളി ജീവിച്ചിരിപ്പുണ്ട്) | | |
| (എച്ച്) പിതാവിന്റെയോ രക്ഷാകർത്താവിന്റെയോ പേരും ബന്ധവും | | |
| (ഐ) വയസ്സ് | | |
| (ജെ) മേൽവിലാസം | | |
| (കെ) മാതാവിന്റെ പേര് | | |
| (എൽ) വയസ്സ് | | |
| (എം) മേൽവിലാസം | | |

4. വിവാഹം നടന്നതിന്റെ സാക്ഷികൾ

1. (എ) പേര്
   (ബി), മേൽവിലാസം

2. (എ) പേര്
   (ബി) മേൽവിലാസം

5. മെമ്മോറാണ്ടം ലഭിച്ച തീയതി.............................................................

6. ചട്ടം 9/ചട്ടം 10 പ്രകാരം ആവശ്യമായ വിവാഹരേഖകളുടെ വിശദവിവരങ്ങൾ.

തീയതി : *തദ്ദേശ രജിസ്ട്രാർ*

രജിസ്ട്രേഷൻ നമ്പർ : /വർഷം തീയതി

*തദ്ദേശ രജിസ്ട്രാർ.*

ഫാറം നമ്പർ IV

[ചട്ടം 11 (1) കാണുക]

## കേരള സർക്കാർ

.........................വകുപ്പ്

## വിവാഹ സാക്ഷ്യപത്രം

[2008-ലെ കേരള വിവാഹ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിലെ ചട്ടം 11(1) പ്രകാരം നൽകുന്നത്]

സാക്ഷ്യപത്രം നമ്പർ.........................................തീയതി.........................................
...................................(തദ്ദേശ പ്രദേശം)-ലെ തദ്ദേശ രജിസ്ട്രാറിന്റെ ഓഫീസിൽ ഫാറം നമ്പർ III-ൽ സൂക്ഷിച്ചിട്ടുള്ള വിവാഹരജിസ്റ്ററിൽ നിന്നും താഴെ പറയുന്ന വിവരങ്ങൾ എടുത്തിട്ടുള്ളതാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

1. വിവാഹ തീയതി :
2. വിവാഹ സ്ഥലം : (ഫാറം നമ്പർ III-ലുള്ളതു പോലെ)
3. വിവാഹത്തിലേർപ്പെട്ട കക്ഷികളുടെ വിശദവിവരം (വിവാഹ തീയതിയിൽ)

| *വിശദവിവരങ്ങൾ* | *ഭർത്താവ്* | *ഭാര്യ* |
|---|---|---|
| (എ) പൂർണ്ണമായ പേര് | | |
| (ബി) പൗരത്വം | | |
| (സി) ജനനതീയതിയും വയസും | | |
| (ഡി) തൊഴിൽ | | |
| (ഇ) സ്ഥിര മേൽവിലാസം | | |
| (എഫ്) മാതാപിതാക്കളുടെ പേരും അല്ലെങ്കിൽ രക്ഷാകർത്താവിന്റെ പേരും ബന്ധവും | | |
| 1. പിതാവ് | | |
| 2. മാതാവ് | | |
| 3. രക്ഷാകർത്താവ് | | |

| വിശദവിവരങ്ങൾ | ഭർത്താവ് | ഭാര്യ |
|---|---|---|
| ഫോട്ടോഗ്രാഫുകൾ<br><br>(ഫോട്ടോയിൽ ഓഫീസ് മുദ്ര പതിക്കേണ്ടതാണ്.) | | |

രജിസ്ട്രേഷൻ നമ്പർ............................................/വർഷം

രജിസ്ട്രേഷൻ തീയതി............................................

*തദ്ദേശ രജിസ്ട്രാർ,*

*തദ്ദേശപ്രദേശത്തിന്റെ പേര്.*

എന്റെ കൈയൊപ്പും മുദ്രയോടും കൂടി..............................തീയതിയിൽ നൽകിയത്.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2008.